കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില

15 (*75)ശ്രീ. സത്യൻ മൊകേരി :

ശ്രീ. പി. രാജു :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. യു.എസ്. ശശി :

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ, എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര കാർഷികവില നിർണ്ണയ കമ്മിഷൻ കൊപ്രയുടെ താങ്ങുവില എത്രയായി പ്രഖ്യാപിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്കാണ് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) ഇതിൽ ഏതെല്ലാം ഇനങ്ങൾക്ക് ഇതിനകം താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. മില്ലിംഗ് കൊപ്രക്ക് കിന്റലിന് 3250 രൂപയും ഉണ്ട കൊപ്രക്ക് കിന്റലിന് 3500 രൂപയും ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സി.എ.സി.പി. ശുപാർശ ചെയ്ത താങ്ങുവില എത്രയാണെന്നു വെളിപ്പെടുത്തിയിട്ടില്ല.

(സി)&(ഡി) കേന്ദ്രകാർഷിക വില നിർണ്ണയ കമ്മിഷന്റെ അധികാരപരിധിയിലും പരിഗണനയിലുമായി 20-ൽപരം വിളകളുണ്ട്. ഇതിൽ കേരളത്തിലെ നെല്ലും കൊപ്രയും മാത്രമേ കമ്മിഷന്റെ അധികാര പരിധിയിൽ വരുന്നുള്ളു. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കാർഷിക ഉൽപ്പന്നങ്ങളും കാർഷിക വില നിർണ്ണയ കമ്മിഷന്റെ അധികാരപരിധിയിൽ കൊണ്ടുവരണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം.- നെല്ലിനും കൊപ്രയ്ക്കുമാണ് തുടർച്ചയായി താങ്ങുവില പ്രഖ്യാപിച്ചുവരുന്നത്.

നാണ്യവിളകളുടെ വിലയിടിവ്

16 (*76)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. ബാബു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ നിലവിലുള്ള വിലവിവരം വ്യക്തമാക്കുമോ;

(ബി) നാണ്യവിളകളുടെ വിലയിടിവുമൂലം ഈ വർഷം സംസ്ഥാനത്തിന് എന്തു നഷ്ടമുണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലത്തകർച്ച തടയാൻ എന്തെല്ലാം നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 2000-ാമാണ്ട് മേയ് മാസത്തിലെ കമ്പോള നിലവാരമനുസരിച്ച് നാണ്യവിളകളായ കുരുമുളക് കിന്റലിന് 21323/-രൂപയും കൊപ്ര കിന്റലിന് 2456/- രൂപയും റബ്ബർ കിന്റലിന് 3200/- രൂപയും ചുക്ക് കിന്റലിന് 7167/-രൂപയും തേയില കിന്റലിന് 10175/- രൂപയും കശുവണ്ടിപരിപ്പ് കിന്റലിന് 320000/- രൂപയും കാപ്പി കിന്റലിന് 11950/- രൂപയും ഏലം കിലോയ്ക്ക് 631/- രൂപയും വിലയുണ്ട്.

(ബി) നഷ്ടം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി. സ്റ്റേറ്റ് ട്രെയ്ഡിംഗ് കോർപ്പറേഷൻ മുഖേന റബ്ബർ സംഭരണം നടത്തുന്നു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന ഒരു കിലോ റബ്ബറിന് 50 പൈസ അധികം നൽകിയും 50 പൈസ കൈകാര്യചെലവിനത്തിലും നൽകി സംസ്ഥാന സർക്കാർ റബ്ബർ സംഭരിക്കുകയും, ആയത് കയറ്റി അയയ്ക്കുകയും ചെയ്യുന്നു. കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. കൊപ്രയ്ക്ക് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുകയും നാഫെഡ് മുഖേന കൊപ്ര സംഭരണം നടത്തുകയും ചെയ്യുന്നു. കേരഫെഡും മാർക്കറ്റ്ഫെഡും നാഫെഡിനുവേണ്ടി കൊപ്ര സംഭരിക്കുന്നു. മൂല്യവർദ്ധനവും ഉൽപ്പന്ന വൈവിദ്ധീകരണം എന്നിവ നടപ്പിലാക്കുന്നതിനും, കാർഷികോൽപ്പന്ന സംസ്ക്കരണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിലയിടിവിനു മുഖ്യകാരണമായ കേന്ദ്രസർക്കാരിന്റെ കയറ്റിറക്കുമതി നയം പുന:പരിശോധിക്കണമെന്നും ദോഷകരമായ നടപടികൾ നീക്കം ചെയ്യണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റബ്ബറിന്റെ സംഭരണം, ശേഖരണം എന്നിവ എല്ലാ ആഴ്ചയും ക്യാബിനറ്റ് ഉപസമിതി റിവ്യൂ ചെയ്യുന്നുണ്ട്.

ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

17 (*77)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രകൃതി ക്ഷോഭംമൂലം നാശം സംഭവിക്കുന്ന മറ്റു നാണ്യവിളകളെക്കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly